ഉത്തരം

(എ) പഞ്ചായത്തുകൾക്ക് കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനായി 2004-05 മുതൽ നോൺ-പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) 2515-00-800-23 എന്ന ഹെഡ്ഡിൽ 110.47 കോടി രൂപ.

(സി) —(ഇ) കൈമാറ്റ പ്രക്രിയയിൽത്തന്നെ പലവിധ പ്രശ്നങ്ങൾ നിലവിലുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

വൈദ്യുതി ബോർഡിലെ കുടിശ്ശിക അടയ്ക്കാനുള്ള ഗ്രാമപഞ്ചായത്തുകൾ

57 [145] *ശ്രീ. എം. എം. ഹസ്സൻ:*
,, *ബി. വിജയകുമാർ:*
,, *ഇ. എം. അഗസ്തി:*
,, *കെ. എ. ചന്ദ്രൻ:*
,, *ടി. വി. ചന്ദ്രമോഹൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിളക്ക് കത്തിച്ച വകയിൽ സംസ്ഥാന വൈദ്യുതി ബോർഡിന് കുടിശ്ശികയടയ്ക്കാനുള്ള ഗ്രാമപഞ്ചായത്തുകൾ എത്ര;

(ബി) ഗ്രാമപഞ്ചായത്തുകൾ ഈയിനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന് അടയ്ക്കാനുള്ള തുക എത്ര എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി ഇനത്തിൽ നൽകിയ തുക

58 [146] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

2004-05 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ എത്ര ശതമാനം തുകവീതം വിതരണം ചെയ്തിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2004-05 സാമ്പത്തികവർഷം ഒക്ടോബർ മാസം വരെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതത്തിന്റെ 56.24 ശതമാനം തുകവീതം എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡ്

59 [147] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 മുതൽ 2003-04 വരെയുള്ള ഓരോ വർഷവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡ് ആയി ബഡ്ജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ എത്രവീതമെന്നും അതിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക, ചെലവഴിക്കാത്തതുകൊണ്ട് സർക്കാരിന് തിരികെ നൽകിയ തുക എന്നിവ എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതിത്തുക ട്രഷറിയിൽനിന്നും പിൻവലിക്കുന്നതിന് ബിൽ സമ്പ്രദായം എപ്പോൾ മുതലാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; ഇതിന് മുന്നോടിയായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും അവയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തിയാക്കിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2001-02 മുതൽ 2003-04 വരെയുള്ള ഓരോ വർഷവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡ് ആയി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും, വിതരണം ചെയ്ത തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† അനുബന്ധത്തിൽ കാണിച്ചിട്ടുള്ള തുക കൂടാതെ 2003-04-ൽ ഗ്രാമപഞ്ചായത്തുകൾക്ക് 18936.20 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3298 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 4494.90 ലക്ഷം രൂപയും അധിക പദ്ധതിവിഹിതമായി വിതരണം ചെയ്തിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ചെലവഴിച്ച തുകയും ചെലവഴിക്കാത്തതുകൊണ്ട് തിരിച്ചടച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2004 ഡിസംബർ 1 മുതൽ ബിൽ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനും ഫോർമാറ്റുകൾ പ്രിന്റു ചെയ്തു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly